**KERALA ELECTRICITY EMPLOYEES' CONFEDERATION**
**INTUC**
(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | NAZEER.M<br>9447241503 |


No. KEEC/GL/2024/17

തിരുവനന്തപുരം
22.05.2024

സ്വീകർത്താവ്

ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

**വിഷയം : -** **ഇലക്ട്രിസിറ്റി വർക്കേഴ്സിന്റെയും സമാന ഗ്രേഡിലുള്ള മറ്റ് ജീവനക്കാരുടെയും ലീവ് സറണ്ടർ ക്രെഡിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച്.**
**സൂചന : -** **BO (FTD)No.213/2024 (FA/FC/2024-FO1), dtd 7.5.2024**

റെഗുലേറ്ററി കമ്മീഷൻ അനുവാദം പ്രകാരം 30321 ജീവനക്കാർ വേണ്ട KSEB യിൽ ഇപ്പോൾ 25000 നടുത്ത് പേർ മാത്രമേ ജോലി ചെയ്യുന്നുള്ളൂ. ഏതാണ്ട് 6000 പേരുടെ ജോലി നിലവിലുള്ള ജീവനക്കാർ ലീവ് പോലും എടുക്കാതെ ചെയ്യുകയാണ്. അവരുടെ ലീവ് സറണ്ടർ നിഷേധിക്കുന്നത് നീതി നിഷേധമാണ്. സ്കൂൾ തുറക്കാറായ സമയത്ത് എല്ലാവരും കുട്ടികളുടെ ആവശ്യത്തിനാണ് ഈ പണം ഉപയോഗിക്കുന്നത്. അതുപോലെ ID ആക്ട് പ്രകാരമുള്ള കരാറിൽ പറഞ്ഞിട്ടുള്ള DA ലഭ്യമാക്കാത്തത് നിയമ വിരുദ്ധമാണ്. കോടികൾ അനാവശ്യമായി ചിലവാക്കുന്ന ബോർഡിന് സാമ്പത്തിക ബുദ്ധിമുട്ട് പറയാൻ പറ്റില്ല. കുറഞ്ഞവിലയ്ക്കുള്ള വൈദ്യുതി വേണ്ടായെന്നുവച്ച് കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങിയത് പണമില്ലാഞ്ഞിട്ടാണോ എന്നത് ഉത്തരമില്ലാത്ത ചോദ്യം ഇപ്പോഴും അവശേഷിക്കുന്നു.. ലഭിക്കാത്ത തുകയ്ക്ക് Income Tax കൊടുക്കേണ്ട ഗതികേടിലാണ് തൊഴിലാളികൾ. ഈ സാഹചര്യത്തിൽ എല്ലാ ജീവനക്കാർക്കും DA/Leave Surrender ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് അത്യന്താപേഷിതമായിരിക്കുകയാണ്.

ഈ സാഹചര്യത്തിലാണ് സൂചന ഉത്തരവ് പുറത്തിറങ്ങിയത്. സൂചന ഉത്തരവ് പ്രകാരം 4 വർഷത്തെ **locking period** നു ശേഷം മാത്രമേ പ്രസ്തുത തുക ലഭിക്കുകയുള്ളു. അതായത് അടുത്ത ഗവണ്മെന്റിന്റെ കാലത്ത് വാങ്ങിക്കൊള്ളണമെന്ന ധാർഷ്ട്യമാണ് ബോർഡുത്തരവിൽ നിഴലിക്കുന്നത്. ഇത് തൊഴിൽ തർക്ക നിയമത്തിന്റെ പരിധിയിൽ ഒരു dispute ആണ്. സൂചന ഉത്തരവ് പ്രകാരം ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ്, ഇലക്ട്രിസിറ്റി വർക്കേഴ്സ് എന്നിവർക്ക് നൽകാമെന്ന് പറയുന്നുണ്ടെങ്കിലും April 4 നു ശേഷമുള്ള ബില്ലുകൾക്ക് 2 മാസമായിട്ടും ക്രെഡിറ്റ് നൽകാത്തതിനാൽ ജീവനക്കാർക്ക് തുക ലഭിച്ചിട്ടില്ല. മക്കളെ സ്കൂളിൽ ചേർക്കാനും, ബുക്ക് വാങ്ങാനും മാറ്റിവച്ചിരിക്കുന്ന തുക നൽകാതിരിക്കുന്നത് അംഗീകരിക്കാനാകില്ല. മേൽ തുച്ഛമായ തുകകൊണ്ട് ഏതായാലും കൂടിയ വിലയ്ക്കുള്ള വൈദ്യുതി വാങ്ങാൻ തികയില്ലല്ലോ. ഈ അവസരത്തിൽ ഒരു കാര്യം കൂടി ചൂണ്ടിക്കാണിക്കുന്നു. 2021 കരാർ പ്രകാരം ഇലക്ട്രിസിറ്റി വർക്കറിന്റെ Basic 24400, DA 19 % Rs.4636 (19 % കുടിശിഖ കിട്ടുന്നില്ല) എല്ലാംകൂടി 31000 ശമ്പളം കിട്ടുന്ന വ്യക്തി 3000 രൂപയ്ക്കടുത്ത് NPS ൽ അടയ്ക്കണം. ലോൺ അടവുകളും മറ്റും കഴിഞ്ഞു പലർക്കും കയ്യിൽ കിട്ടുന്നത് 10000 രൂപയിൽ താഴെ മാത്രമാണ്. ഈ തുകകൊണ്ട് കുടുംബത്തിന്റെ നിത്യചിലവും കുട്ടികളുടെ വിദ്യാഭ്യാസമുൾപ്പടെയുള്ള കാര്യങ്ങളും നടക്കില്ലായെന്ന് മനസ്സിലാക്കാൻ കഴിവ് Chartered Accountant and Financial Advisor ക്കു ഇല്ലാതായിപ്പോയതിനാൽ ഖേദിക്കുന്നു. ഇക്കൂട്ടർക്ക് ബോർഡുത്തരവ് പ്രകാരം അനുവദിച്ച ആനുകൂല്യം നൽകാത്തത് ബോർഡിന്റെ ഫിനാൻസ് വിങ്ങിന്റെ അനാസ്ഥയും കഴിവുകേടുമാണ്. ആയതിനാൽ ജീവനക്കാരെ പ്രതിഷേധ - നിസ്സഹരണ - dispute കാര്യങ്ങളിലേക്ക് തള്ളിവിടാതെ തുക ഉടൻ നൽകുന്നതിനുള്ള നിർദ്ദേശം ഫിനാൻഷ്യൽ അഡ്വൈസർക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

| | | |
|---|---|---|
| കെ.പി.ധനപാലൻ Ex.MP | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ് | നസീർ.എം |
| പ്രസിഡന്റ് | വർക്കിംഗ് പ്രസിഡന്റ് | ജനറൽ സെക്രട്ടറി |

KERALA ELECTRICITY EMPLOYEES' CONFEDERATION
Reg: No. 01-14/87
AFFI. No. 10488
INTUC